## പതിമൂന്നാം കേരള നിയമസഭ
## 11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2072 — 17/06/2014 ൽ മറുപടിയ്ക്ക്

### നഗരങ്ങളിലെ മലിനീകരണ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>" എം.എ.വാഹീദ്<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" പാലോട് രവി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നഗരങ്ങളിലെ മലിനീകരണ പരിശോധനകളും അതിന്റെ വിവരങ്ങളും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള സംവിധാനം മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്.<br>നഗരങ്ങളിലെ ജല, വായു ഗുണനിലവാരം ക്രമമായി പഠിച്ച് രേഖപ്പെടുത്തി പ്രസിദ്ധീകരിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഏറ്റവും അനുയോജ്യമായ ഉപയോഗം അടിസ്ഥാനപ്പെടുത്തി, രാജ്യത്തിനാകമാനം ബാധകമായ പ്രാഥമിക ജലഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അതുപോലെ പൊതുജനാരോഗ്യം, സസ്യലതാദികൾ, സ്വത്തുക്കൾ എന്നിവയുടെ സംരക്ഷണാർത്ഥം, വായു ഗുണനിലവാരവും അതാത് പ്രത്യേക മേഖലകൾക്ക് ബാധകമാകുന്ന രീതിയിൽ ദേശീയ തലത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. അവയനുസരിച്ചുള്ള ജല, വായു ഗുണനിലവാരം പുലർത്തുന്നുണ്ടോ എന്നറിയുന്നതിനാണ് ഈ പരിശോധനകൾ നടത്തുന്നത്. മേൽ നടപടികൾ സ്വീകരിക്കാനാണ് അവ പ്രസിദ്ധീകരിക്കുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) ഈ പഠനങ്ങളും, പരിശോധനകളും നടത്തുന്നതിനുള്ള സംവിധാനങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനുണ്ട്. പ്രസിദ്ധീകരണത്തിനുള്ള ഇലക്ട്രോണിക് സംവിധാനങ്ങൾ 'കെൽട്രോൺ' ആണ് ലഭ്യമാക്കിയത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) 1. സംസ്ഥാനത്തെ ജലസ്രോതസ്സുകളിലെ ജല ഗുണനിലവാരം 276 സ്ഥിരം സ്റ്റേഷനുകൾ അടിസ്ഥാനപ്പെടുത്തി നിർണ്ണയിച്ച്, ഫലം പ്രസിദ്ധപ്പെടുത്തുന്നു. |

2. പെരിയാർ നദിയിലെ ജലഗുണനിലവാരം തുടർച്ചയായി നിർണ്ണയിച്ച് തൽസമയം പൊതുജനങ്ങളെ അറിയിക്കാനായി ഏലൂരിൽ ഒരു ഡിസ് പ്ലേ സംവിധാനം പ്രവർത്തിപ്പിക്കുന്നുണ്ട്.

3. വായുഗുണനിലവാരം തൽസമയം പൊതുജനങ്ങളെ അറിയിക്കാനായി എറണാകുളത്ത് വൈറ്റിലയിൽ ഒരു ഡിസ് പ്ലേ സംവിധാനം സ്ഥാപിക്കാൻ കൊച്ചിൻ റിഫൈനറിയുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. ഇത്തരം സ്റ്റേഷനുകൾ ഘട്ടംഘട്ടമായി മറ്റു നഗരങ്ങളിലും സ്ഥാപിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ